# 12/2019-M

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ

| | | |
|---|---|---|
| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **പരമാവധി മാർക്ക് : 100** | **സമയം : 75 മിനിട്ട്** |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ്സിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും, **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ.ഉത്തരക്കടലാസ്സിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

**Total Marks : 100 Marks**

**Time : 1 hour and 15 minutes**

1. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി ?
   (A) പമ്പ (B) പെരിയാർ
   (C) ഭാരതപ്പുഴ (D) കബനി

2. ഇരവികുളം ദേശീയ പാർക്കിൽ സംരക്ഷിക്കപ്പെടുന്ന മൃഗം ?
   (A) കടുവ (B) വരയാട്
   (C) ആന (D) കുരങ്ങ്

3. 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' ഇത് പറഞ്ഞതാര് ?
   (A) ശ്രീനാരായണ ഗുരു (B) അയ്യങ്കാളി
   (C) സഹോദരൻ അയ്യപ്പൻ (D) ചട്ടമ്പി സ്വാമികൾ

4. കേരളത്തിലെ ആദ്യത്തെ പത്രം ?
   (A) ദേശാഭിമാനി (B) സ്വദേശിമിത്രം
   (C) രാജ്യസമാചാരം (D) യങ് ഇന്ത്യ

5. ഗാന്ധിജി ആദ്യമായി കേരളം സന്ദർശിച്ചതെന്ന്?
   (A) 1920 (B) 1922
   (C) 1918 (D) 1919

6. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ?
   (A) എവറസ്റ്റ് (B) ഗോഡ്‌വിൻ ഓസ്റ്റിൻ
   (C) കാറക്കോറം (D) ആനമുടി

7. ഹിരാക്കുഡ് നദീതട പദ്ധതി ഏത് നദിയിലാണ്?
   (A) ഗോദാവരി (B) കാവേരി
   (C) മഹാനദി (D) നർമ്മദ

8. ലക്ഷദ്വീപിന്റെ ആസ്ഥാനം
   (A) മിനിക്കോയ് (B) അഗത്തി
   (C) അന്ത്രോത്ത് (D) കവരത്തി

9. ഇന്ത്യയിലെ ഏറ്റവും വലിയ പരുത്തി ഉല്പാദന കേന്ദ്രം ?

(A) ബാംഗ്ലൂർ (B) മുംബൈ

(C) കൽക്കട്ട (D) ഹൈദരാബാദ്

10. ബൊക്കാറോ ഇരുമ്പുരുക്ക് ശാല ഏത് രാജ്യത്തിന്റെ സഹായത്തോടെയാണ് ഇന്ത്യയിൽ ആരംഭിച്ചത്?

(A) ബ്രിട്ടൻ (B) ജർമ്മനി

(C) ജപ്പാൻ (D) സോവിയറ്റ് യൂണിയൻ

11. ബാബർ പാനിപ്പത്ത് യുദ്ധം ജയിച്ച വർഷം

(A) 1526 (B) 1500

(C) 1757 (D) 1857

12. ഇന്ത്യൻ നെപ്പോളിയൻ എന്നറിയപ്പെടുന്നത് :

(A) ചന്ദ്രഗുപ്തൻ I (B) സമുദ്രഗുപ്തൻ

(C) ചന്ദ്രഗുപ്തൻ II (D) അശോകൻ

13. ''ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ്''എന്ന പുസ്തകം ആരെക്കുറിച്ചുള്ളതാണ് ?

(A) ഗോപാലകൃഷ്ണ ഗോഖലെ (B) ബാലഗംഗാധര തിലകൻ

(C) മഹാത്മാ ഗാന്ധി (D) സുബാഷ് ചന്ദ്ര ബോസ്

14. ''വന്ദേ മാതരം'' എന്ന ഗാനം എടുത്തിട്ടുള്ളത് ഏത് കൃതിയിൽ നിന്നാണ് ?

(A) നീൽ ദർപ്പൺ (B) ഗീതാഞ്ജലി

(C) സേവാസദൻ (D) ആനന്ദ മഠം

15. 'വിദ്യാസമ്പന്നർ മാറ്റത്തിന്റെ വക്താക്കളാണ്.' ഇത് ആരുടെ വാക്കുകളാണ്?

(A) രാജാറാം മോഹൻ റായ് (B) വീരേശലിംഗം

(C) കേശബ് ചന്ദ്ര സെൻ (D) ശ്രീനാരായണ ഗുരു

16. പഞ്ചശീല തത്വങ്ങളിൽ ഒപ്പുവച്ച ഇന്ത്യൻ പ്രധാനമന്ത്രി

(A) ജവഹർലാൽ നെഹ്റു (B) ഇന്ദിരാഗാന്ധി

(C) മൊറാർജി ദേശായി (D) രാജീവ് ഗാന്ധി

17. “വരിക വരിക സഹജരെ
വലിയ സഹന സമരമായ്” – ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് ശക്തി പകർന്ന ഈ വരികൾ ആരാണ് രചിച്ചത്?

(A) വള്ളത്തോൾ (B) ഉള്ളൂർ
(C) കുമാരനാശാൻ (D) അംശിനാരായണപിള്ള

18. ഇന്ത്യൻ ഭരണ ഘടനയുടെ 3-ാം ഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നത് :

(A) മൗലികാവകാശങ്ങൾ (B) ഇന്ത്യയിലെ പ്രദേശങ്ങൾ
(C) പൗരത്വം (D) നിർദ്ദേശക തത്വം

19. റിസർവ്വ് ബാങ്കിന്റെ ആസ്ഥാനം

(A) ഡൽഹി (B) മുംബൈ
(C) ചെന്നൈ (D) മംഗലാപുരം

20. അറസ്റ്റ് ചെയ്തു കഴിഞ്ഞ ഒരാളെ എത്ര മണിക്കൂറിനകം കോടതിയിൽ ഹാജരാക്കണം ?

(A) 12 മണിക്കൂർ (B) 24 മണിക്കൂർ
(C) 6 മണിക്കൂർ (D) ബാധകമല്ല

21. പാർലമെന്റ് വന സംരക്ഷണ നിയമം പാസ്സാക്കിയത്

(A) 1974 (B) 1981
(C) 1972 (D) 1980

22. ലോക വനിതാ ദിനം

(A) ഫെബ്രുവരി 14 (B) മാർച്ച് 1
(C) ജനുവരി 1 (D) മാർച്ച് 8

23. റിസർവ്വ് ബാങ്ക് പുറത്തിറക്കിയ പുതിയ 500 രൂപ നോട്ടിൽ കാണുന്ന ചിത്രം

(A) മംഗൽയാൻ (B) ചെങ്കോട്ട
(C) താജ്മഹൽ (D) കുത്തബ് മീനാർ

24. 2020-ലെ ഒളിംബിക്സ് വേദി

(A) ടോക്കിയോ (B) ലണ്ടൻ
(C) ആംസ്റ്റർഡാം (D) ഏഥൻസ്

25. 2017-ൽ പത്മ വിഭൂഷൺ അവാർഡ് ലഭിച്ച കേരളീയൻ

(A) മോഹൻലാൽ (B) വിനായകൻ
(C) കെ.ജെ. യേശുദാസ് (D) കെ.എസ്. ചിത്ര

26. PSLV-37, 104 ഉപഗ്രഹങ്ങളുമായി ബഹിരാകാശത്തേക്ക് കുതിച്ചത്
(A) 2017 ഫെബ്രുവരി 13 (B) 2016 ഫെബ്രുവരി 13
(C) 2017 ഫെബ്രുവരി 15 (D) 2017 മാർച്ച് 5

27. സാക്ഷി മാലിക്കിന് പത്മശ്രീ അവാർഡ് നേടിക്കൊടുത്ത ഇനം
(A) ജിംനാസ്റ്റിക് (B) ഹോക്കി
(C) ഗുസ്തി (D) ഡിസ്കസ് ത്രോ

28. "ഇന്ത്യ വിൻസ് ഫ്രീഡം" എന്ന പുസ്തകം രചിച്ചത്
(A) ജവഹർലാൽ നെഹ്റു (B) ഗാന്ധിജി
(C) സുബാഷ് ചന്ദ്ര ബോസ് (D) മൗലാനാ അബ്ദുൾ കലാം ആസാദ്

29. ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ നദീതട പദ്ധതി ?
(A) ഭക്രാനംഗൽ (B) കോസി പദ്ധതി
(C) രാജസ്ഥാൻ കനാൽ (D) നാഗാർജ്ജുന സാഗർ

30. 1896-ൽ ഈഴവ മെമ്മോറിയലിന് നേതൃത്വം നല്കിയത്
(A) ജി. പി. പിള്ള (B) പട്ടം താണുപിള്ള
(C) ഡോ. പൽപ്പു (D) കെ. കേളപ്പൻ

31. കേരളത്തിൽ ആനകൾക്കായുള്ള മ്യൂസിയം സ്ഥിതി ചെയ്യുന്നത് :
(A) വയനാട് (B) കോട്ടയം
(C) പത്തനംതിട്ട (D) കൊല്ലം

32. ആദ്യമായി മംഗോളിയ സന്ദർശിച്ച ഇന്ത്യൻ പ്രധാനമന്ത്രി ?
(A) മൻമോഹൻ സിംഗ് (B) മൊറാർജി ദേശായി
(C) നരേന്ദ്ര മോദി (D) അടൽ ബിഹാരി വാജ്പേയ്

33. ഫ്രഞ്ചു വിപ്ലവം നടന്ന വർഷം
(A) 1789 (B) 1917
(C) 1776 (D) 1783

34. ഏതു രാജ്യത്തിന്റെ പതാകയിലാണ് 50 നക്ഷത്രങ്ങളുള്ളത് ?
(A) ബ്രിട്ടൻ (B) യു. എസ്.
(C) ചൈന (D) ഈജിപ്ത്

35. കേരളത്തിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ആദ്യ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി ?

(A) വി.എസ്. അച്യുതാനന്ദൻ
(B) ഇ.എം.എസ്. നമ്പൂതിരിപ്പാട്
(C) ഇ.കെ. നായനാർ
(D) പിണറായി വിജയൻ

36. ലോകസഭയിലെ സീറോ അവറിന്റെ ദൈർഘ്യം

(A) $\frac{1}{2}$ മണിക്കൂർ
(B) 1 മണിക്കൂർ
(C) 10 മിനിട്ട്
(D) $1\frac{1}{2}$ മണിക്കൂർ

37. ബേക്കൽ കോട്ട ഏത് ജില്ലയിലാണ് ?

(A) വയനാട്
(B) കോഴിക്കോട്
(C) കണ്ണൂർ
(D) കാസർഗോഡ്

38. ഫാസിസത്തിന്റെ വക്താവ് :

(A) നെപ്പോളിയൻ
(B) മുസ്സോളിനി
(C) ഹിറ്റ്ലർ
(D) ലെനിൻ

39. കേരളത്തിലെ മാഗ്നാകാർട്ട എന്ന് വിശേഷിപ്പിക്കപ്പെടുന്നത് :

(A) വൈക്കം സത്യാഗ്രഹം
(B) മലയാളി മെമ്മോറിയൽ
(C) ക്ഷേത്രപ്രവേശന വിളംബരം
(D) ഗുരുവായൂർ സത്യാഗ്രഹം

40. ISRO സ്ഥാപിതമായത്

(A) 1969
(B) 1970
(C) 1959
(D) 1910

41. ഇന്ത്യൻ ബഹിരാകാശ പദ്ധതിയുടെ പിതാവ്

(A) ഡോ. എ.പി.ജെ. അബ്ദുൾ കലാം
(B) സതീഷ് ധവാൻ
(C) വിക്രം സാരാഭായ്
(D) ബ്രഹ്മ പ്രകാശ്

42. ഇന്ത്യയിലെ ആദ്യത്തെ ഇ-സാക്ഷരത ജില്ല

(A) തിരുവനന്തപുരം
(B) കോട്ടയം
(C) തൃശ്ശൂർ
(D) കണ്ണൂർ

43. ഭാരത രത്ന പുരസ്കാരം നേടിയ ആദ്യ കായിക താരം ?

(A) സച്ചിൻ ടെൻഡുൽക്കർ (B) വീരേന്ദ്ര സേവാഗ്

(C) വിരാട് കോഹ്‌ലി (D) സുനിൽ ഗവാസ്കർ

44. ഭാഷാടിസ്ഥാനത്തിൽ രൂപീകൃതമായ ആദ്യ സംസ്ഥാനം ?

(A) അരുണാചൽ പ്രദേശ് (B) കേരളം

(C) ആസ്സാം (D) ആന്ധ്രാ പ്രദേശ്

45. സർദാർ വല്ലഭായ് പട്ടേലിന്റെ സഹായിയായി സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയായി നിയമിതനായ മലയാളി

(A) കെ.എം. പണിക്കർ (B) വി.പി. മേനോൻ

(C) ഫസൽ അലി (D) ബി.ആർ. അംബേദ്കർ

46. കുളച്ചൽ യുദ്ധത്തിൽ മാർത്താണ്ഡവർമ്മ പരാജയപ്പെടുത്തിയ വിദേശ ശക്തി

(A) ബ്രിട്ടീഷ് (B) ഡച്ച്

(C) പോർച്ചുഗീസ് (D) ഫ്രഞ്ച്

47. ചാമ്പൽ മലയണ്ണാനും നക്ഷത്ര ആമയും കാണപ്പെടുന്ന കേരളത്തിലെ ഏക വന്യജീവി സങ്കേതം

(A) നെയ്യാർ (B) വയനാട്

(C) ചിന്നാർ (D) പേപ്പാറ

48. ഇന്ത്യയിലെ ഏറ്റവും ഉയർന്ന സിവിലിയൻ പുരസ്കാരം ?

(A) ഭാരത രത്നം (B) കീർത്തിചക്രം

(C) പത്മശ്രീ (D) പരമവീരചക്രം

49. കേരള വിദ്യാഭ്യാസ വകുപ്പു മന്ത്രി

(A) ജി. സുധാകരൻ (B) എ.കെ. ബാലൻ

(C) കടകംപള്ളി സുരേന്ദ്രൻ (D) സി. രവിന്ദ്രനാഥ്

50. ബംഗാൾ വിഭജനം നടത്തിയത് :

(A) കഴ്സൺ പ്രഭു (B) കാനിംഗ് പ്രഭു

(C) വില്യം ബെന്റിക് (D) ലിട്ടൺ പ്രഭു

51. $\frac{89 \times 108 \times 124}{11}$ ന്റെ ശിഷ്ടം ?

(A) 1
(B) 3
(C) 9
(D) 5

52. 129 ന്റെ $5\frac{1}{3}$ + 18.5 + ? = 1052.46

(A) 149.96
(B) 388.96
(C) 345.96
(D) 302.96

53. 180 ന്റെ എത്ര ശതമാനമാണ് 45 ?

(A) 25
(B) 75
(C) $12\frac{1}{2}$
(D) $66\frac{2}{3}$

54. ഒരു സമാന്തര ശ്രേണിയിൽ 3-ാം പദം 120; 7-ാം പദം 144 എങ്കിൽ 5-ാം പദം

(A) 130
(B) 132
(C) 134
(D) 124

55. ഒരു ക്ലാസ്സിലെ 30 കുട്ടികളുടെ ശരാശരി പ്രായം 14 വയസ്സാണ്. ക്ലാസ്സധ്യാപകന്റെ പ്രായവും കൂടി ഉൾപ്പെടുത്തിയപ്പോൾ ശരാശരി പ്രായം 15 ആയാൽ ക്ലാസ്സധ്യാപകന്റെ പ്രായം എത്ര ?

(A) 44
(B) 30
(C) 29
(D) 45

56. ഒരേ ഇനത്തിൽപ്പെട്ട 44 സാധനങ്ങൾ വിറ്റപ്പോൾ ലാഭമായി കിട്ടിയത് 11 സാധനങ്ങളുടെ മുടക്കു മുതലാണ്. ലാഭ ശതമാനം

(A) $33\frac{1}{3}$ %
(B) 20 %
(C) 25 %
(D) 40 %

57. 58 രൂപ A, B, C എന്നിവർക്ക് വീതിച്ചത് ഇപ്രകാരമാണ്. A-യ്ക്ക് B-യേക്കാൾ 7 കൂടുതലും B-യ്ക്ക് C-യേക്കാൾ 6 കൂടുതലും. അവർക്ക് ലഭിച്ച തുകയുടെ അംശബന്ധം

(A) 13 : 26 : 19
(B) 26 : 19 : 13
(C) 19 : 13 : 26
(D) 28 : 18 : 12

58. 220 മീറ്റർ നീളമുള്ള ഒരു തീവണ്ടിയുടെ വേഗത 36 കി.മീ/മണിക്കൂർ ആകുന്നു. ഒരു ടെലിഫോൺ തൂൺ കടക്കുന്നതിന് ഈ തീവണ്ടി എടുക്കുന്ന സമയം

(A) 6 സെക്കന്റ്  (B) 20 സെക്കന്റ്

(C) $6\frac{1}{9}$ സെക്കന്റ്  (D) 22 സെക്കന്റ്

59. രണ്ട് അർദ്ധ ഗോളങ്ങളുടെ വ്യാപ്തങ്ങളുടെ അംശബന്ധം 8 : 27 ആയാൽ വ്യാസങ്ങളുടെ അംശബന്ധം

(A) 4 : 6  (B) 1 : 3

(C) 2 : 3  (D) 27 : 8

60. $12\frac{1}{2}$ % വാർഷിക നിരക്കിൽ ഒരു തുകയ്ക്ക് 2 വർഷത്തേക്കുള്ള കൂട്ടുപലിശയും സാധാരണ പലിശയും തമ്മിലുള്ള വ്യത്യാസം 200 രൂപ ആയാൽ മുതൽ

(A) 12,800 രൂപ  (B) 12,000 രൂപ

(C) 12,700 രൂപ  (D) 12,500 രൂപ

61. 1, 7, 9, 14, 17, 21, …. എന്ന ശ്രേണിയിലെ അടുത്ത സംഖ്യ

(A) 27  (B) 25

(C) 52  (D) 24

62. '–'എന്നത് ഗുണനത്തെയും '×' എന്നത് സങ്കലനത്തെയും '+' എന്നത് ഹരണത്തെയും '÷' എന്നത് വ്യവകലനത്തെയും സൂചിപ്പിച്ചാൽ

$14 - 10 \times 4 \div 16 + 8 = ?$

(A) 6  (B) 134

(C) 142  (D) –2

63. ഒരു പരീക്ഷയിൽ A എന്ന കുട്ടിയുടെ റാങ്ക് മുന്നിൽ നിന്ന് എട്ടാമതും പുറകിൽ നിന്ന് പതിനാറാമതുമായാൽ ആ ഗ്രൂപ്പിലെ ആകെ കുട്ടികളുടെ എണ്ണം ?

(A) 25  (B) 22

(C) 24  (D) 23

64. വിട്ടുപോയത് കണ്ടെത്തുക :

36 : 4 : :

(A) 3 : 27 (B) 9 : 1

(C) 16 : 4 (D) 12 : 4

65. ഒറ്റയാനെ കണ്ടെത്തുക :

(A) WUS (B) ZXV

(C) NLJ (D) TSR

66. ഒരാൾ നേരെ കിഴക്കോട്ട് 6 മീറ്ററും അവിടെ നിന്നും ഇടത്തോട്ട് 4 മീറ്ററും വീണ്ടും വലത്തോട്ട് 2 മീറ്ററും സഞ്ചരിക്കുന്നു. ഇപ്പോൾ അയാളുടെ ദിശ

(A) കിഴക്ക് (B) വടക്ക്

(C) തെക്ക് (D) പടിഞ്ഞാറ്

67. KUMAR എന്നത് 64 ആയാൽ KUMARI

(A) 65 (B) 73

(C) 69 (D) 74

68. B-യുടെ അമ്മ A-യുടെ അമ്മയുടെ മകൾ ആണെങ്കിൽ A എങ്ങനെ B-യോട് ബന്ധപ്പെട്ടിരിക്കുന്നു ?

(A) അച്ഛൻ (B) സഹോദരൻ

(C) അമ്മ വഴിയുള്ള അമ്മാവൻ (D) അച്ഛൻ വഴിയുള്ള അമ്മാവൻ

69. 2017 ജനുവരി 26 വ്യാഴാഴ്ച ആയാൽ 2018 ജനുവരി 26 ഏതു ദിവസമാണ് ?

(A) വ്യാഴം (B) വെള്ളി

(C) ശനി (D) ബുധൻ

70. കൃത്യം 8.20 ന് ക്ലോക്കിലെ മണിക്കൂർ സൂചിക്കും മിനിറ്റ് സൂചിക്കും ഇടയിലുള്ള കോണളവ് എത്ര ?

(A) 130° (B) 20°

(C) 240° (D) 120°

**71.** The comparative form of 'Little' is

(A) Less (B) More little

(C) Most little (D) Least

**72.** Find out the word which best expresses the meaning of the given word 'Extricate'.

(A) Tie (B) Pull

(C) Free (D) Hurt

**73.** Find out the correctly spelt word :

(A) inaguration (B) deterent

(C) ambiguity (D) ureka

**74.** I cannot _________ his behaviour.

(A) put up with (B) put out

(C) put on (D) put aside

**75.** A group of animals of the same type that live and feed together is known as

(A) Fleet (B) Swarm

(C) Team (D) Herd

**76.** Report the following sentence :
Raju says, "I am a farmer."

(A) Raju said that he was a farmer. (B) Raju says that he was a farmer.

(C) Raju says that he is a farmer. (D) Raju said that he is a farmer.

**77.** If Sachin had played _________.

(A) they would have won (B) they would win

(C) they will have win (D) they will win

**78.** Happiness consists largely _________ contentment.

(A) on (B) of

(C) in (D) for

**79.** 'Nobody wants to be poor.' Its question tag is

(A) Does they ? (B) Do they ?

(C) Don't they ? (D) Doesn't they ?

**80.** Who is a 'Misogynist' ?

(A) A man who loves women. (B) A man who hates women.

(C) A man who hates men. (D) A man who loves animals.

**81.** 'Bella donna' means

(A) A handsome man (B) A beautiful bird

(C) A pretty woman (D) A cute boy

**82.** Manu showed no sympathy towards the poor. His attitude was full of _________.

(A) Empathy (B) Antipathy

(C) Allopathy (D) Apathy

**83.** Replace the words in italics with one word.
The cross was *made sacred* by the death of Jesus on it.

(A) Baptized (B) Sanctified

(C) Crowned (D) Decorated

**84.** 'Hang Together' means

(A) Die together (B) Live together

(C) Work in union (D) Work alone

**85.** The synonym of 'Remorse' is

(A) Intelligent (B) Benevolent

(C) Regret (D) Angry

**86.** Peter posted the letter.
(Change the voice of the verb)

(A) The letter is posted by Peter. (B) The letter was posted by Peter.

(C) The letter were posted by Peter. (D) The letters are posted by Peter.

**87.** Neither Susan nor Tom _________ available.

(A) are (B) were

(C) is (D) have

**88.** Which of the following sentence is wrong ?

(A) One of the students write the examination.

(B) Bread and butter is good for health.

(C) The accident took place two days ago.

(D) My room is upstairs.

**89.** You had better _________.

(A) consulted a doctor (B) consulting a doctor

(C) consult a doctor (D) to consult a doctor

**90.** We _________ here for an hour.

(A) been waiting (B) have been waiting

(C) waits (D) have waiting

91. രാമനാൽ എന്നത് ഏത് വിഭക്തിക്ക് ഉദാഹരണമാണ് ?
(A) നിർദ്ദേശിക (B) സംയോജിക
(C) പ്രയോജിക (D) ആധാരിക

92. വില് + തു → വിറ്റു. ഏത് സന്ധിയാണ് ?
(A) ദിത്വ സന്ധി (B) ആഗമ സന്ധി
(C) ആദേശ സന്ധി (D) ലോപ സന്ധി

93. ഭാഷാ പ്രയോഗത്തിലെ വൈകല്യങ്ങൾ
(A) അവർ തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ട്.
(B) അപകടത്തിൽ ഏകദേശം നാല്പതോളം പേർക്ക് പരുക്കേറ്റു.
(C) പെൺകുട്ടികളായ അഞ്ച് വിദ്യാർത്ഥിനികളാണ് മത്സരത്തിൽ വിജയിച്ചത്.
(D) ഇവയൊന്നുമല്ല.

94. ശരിയായ പദം ഏത് ?
(A) അനർക്കം (B) അനർഘലം
(C) അനർഖം (D) അനർഗം

95. അർത്ഥം എഴുതുക : 'ഉടജം' എന്ന പദത്തിന് അർത്ഥം ഏത് ?
(A) ഉദ്യാനം (B) ആശ്രമം
(C) കൊട്ടാരം (D) മാളിക

96. മലയാളത്തിലെ ആദ്യത്തെ സൈബർ നോവലായ 'നൃത്തം' ആരുടേതാണ് ?
(A) എം. മുകുന്ദൻ (B) ആനന്ദ്
(C) എൻ.എസ്. മാധവൻ (D) സി. രാധാകൃഷ്ണൻ

97. 'ആഷാമേനോൻ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത് ആരാണ്?
(A) കെ. ശ്രീകുമാർ (B) വി.വി. അയ്യപ്പൻ
(C) വി. മാധവൻ നായർ (D) എം.കെ. മേനോൻ

98. സാറാ തോമസിന്റെ ഏത് നോവലിനാണ് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത് ?
(A) ജീവിതം എന്ന നദി (B) അഗ്നിശുദ്ധി
(C) നാർമടിപ്പുടവ (D) പവിഴമുത്ത്

99. കണ്ണ് വെട്ടിച്ച് രക്ഷപ്പെടുക.
(A) Give quarter (B) Give the go by
(C) Give the slip (D) Give into

100. 'ഭരതവാക്യം'
(A) The beginning (B) The end
(C) Excellent verse (D) Best comment

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**